"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാംസ്കാരികകാര്യ വകുപ്പ് - മലയാളം മിഷൻ- 'പൂക്കാലം' വെബ് മാഗസിന്റെ എഡിറ്ററായി കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ശ്രീ. സാജു കെ -യുടെ കരാർ നിയമന കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാംസ്കാരികകാര്യ(സി) വകുപ്പ്**

സ.ഉ.(സാധാ) നം.245/2026/CLAD തീയതി,തിരുവനന്തപുരം, 13-03-2026

---

പരാമർശം:-
1. സ.ഉ(പി)നം.28/2016/ധന തീയതി,26.02.2016
2. സ.ഉ(പി)നം.56/2017/ധന തീയതി,28.04.2017
3. സ.ഉ(പി)നം.112/2018/ധന തീയതി,21.07.2018
4. സ.ഉ(പി)നം.81/2019/ധന തീയതി,09.07.2019
5. സ.ഉ(പി)നം.29/2021/ധന തീയതി,11.02.2021
6. സ.ഉ(പി)നം.54/2024/ധന തീയതി,19.04.2025
7. സ.ഉ(സാധാ)നം.9/2024 സാം.കാ.വ തീയതി, 09.01.2024
8. സ.ഉ.(സാധാ)നം.699/2024/സാം കാ വ തീയതി, 09.12.2024
9. മലയാളം മിഷൻ ഡയറക്ടറുടെ 19.08.2025 -ലെ 2146/21/ മ.മി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മലയാളം മിഷൻ വെബ് മാഗസിൻ 'പൂക്കാല'ത്തിന്റെ എഡിറ്ററായി കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ശ്രീ. സാജു കെ. യുടെ കരാർ നിയമന കാലാവധി 28.08.2025 ൽ അവസാനിക്കുന്ന സാഹചര്യത്തിൽ കരാർ കാലാവധി ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (9) കത്ത് പ്രകാരം മലയാളം മിഷൻ ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലയാളം മിഷൻ വെബ് മാഗസിനായ 'പൂക്കാല'ത്തിന്റെ എഡിറ്ററായി കരാർ വ്യവസ്ഥയിൽ ജോലി ചെയ്ത് വരുന്ന ശ്രീ. സാജു കെ.-യുടെ കരാർ കാലാവധി 28.08.2025-ന് അവസാനിച്ചതിനാൽ കരാർ ദിവസവേതനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ചുകൊണ്ട് ധനവകുപ്പിൽ നിന്നും പുറപ്പെടുവിക്കുന്ന ഉത്തരവുകളിലെ

പൊതുമാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്ന വ്യവസ്ഥയിൽ, സ്ഥിരപ്പെടുത്തുവാൻ യാതൊരു അവകാശവാദവും ഉണ്ടായിരിക്കുന്നതല്ല എന്ന നിബന്ധന കരാറിൽ ഉൾപ്പെടുത്തി, **29.08.2025**-ൽ ഒരു ദിവസത്തെ ബ്രേക്ക് നൽകി **30.08.2025** മുതൽ **29.08.2026** വരെ ഒരു വർഷത്തേയ്ക്കോ പി എസ് സി മുഖേന നിയമനം നടത്തുന്നതു വരെയ്ക്കോ ഏതാണോ ആദ്യം അതുവരെ ദീർഘിപ്പിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**3.** ശ്രീ. സാജു കെ. -യുടെ കരാർ നിയമന കാലാവധി ദീർഘിപ്പിച്ചു നൽകിക്കൊണ്ട് മലയാളം മിഷൻ ഡയറക്ടർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ടി ഉത്തരവിൽ കരാർ കാലയളവും കരാർ വ്യവസ്ഥകളും വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ്. കൂടാതെ കരാർ വ്യവസ്ഥകൾ കർശനമായി പാലിക്കപ്പെടുന്നുണ്ടെന്ന് മലയാളം മിഷൻ ഡയറക്ടർ ഉറപ്പു വരുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**RAJANI M**

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, മലയാളം മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ ആന്റ് ഇ ) കേരള, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം .
ധനകാര്യ വകപ്പ് (**19.01.2026** ലെ **2595466 EDN-C3/284/2023-FIN** നമ്പർ പ്രകാരം)
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, തിരുവനന്തപുരം
ഡയറക്ടർ, ഐ& പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (**C1/172/2025-CLAD**)

ഉത്തരവിൻ പ്രകാരം

Signed by
Sunitha Sadasivan
സെക്ഷൻ ഓഫീസർ
Date: 13-03-2026 18:36:04

പകർപ്പ് : സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പി.എസ്സ്. ന്